**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് – കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) – മുൻ മാനേജിംഗ് ഡയറക്ടർ ലെഫ്റ്റനന്റ് കേണൽ (റിട്ട.)ശ്രീ.പി.കെ.സതീഷ് കുമാറിന്റെ പേരിലുള്ള 1000/- രൂപയുടെ ഒരു ഇക്വിറ്റി ഷെയർ നിലവിൽ കെക്സ്കോണിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീ.വിനോദ് മാത്യു -ന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.25/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:06.07.2022**

---

പരാമർശം:- 1. 12.01.2018 ലെ സ.ഉ(എം.എസ്) നം.13/2018/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

2. 04.01.2022 ലെ സ.ഉ(സാധാ)നം.1/2022/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.

3. കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ 27.04.2022 ലെ 201/Est./Share Certificate/Kexcon/2022 നമ്പർ കത്ത്.

## ഉത്തരവ്

**1.** കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷന്റെ 1000/-രൂപയുടെ ഒരു ഇക്വിറ്റി ഷെയർ കെക്സ്കോൺ മാനേജിംഗ് ഡയറക്ടറായിരുന്ന ലെഫ്റ്റനന്റ് കേണൽ (റിട്ട.)ശ്രീ.പി.കെ.സതീഷ് കുമാറിന്റെ പേരിലേക്ക് കൈമാറ്റം ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

**2.** രണ്ടാം പരാമർശ പ്രകാരം ലെഫ്റ്റനന്റ് കേണൽ (റിട്ട.)ശ്രീ.പി.കെ.സതീഷ് കുമാറിനെ കെക്സ്കോണിന്റെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തുനിന്ന് ഒഴിവാക്കി കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ് ശ്രീ.വിനോദ് മാത്യു-ന് നൽകുകയുണ്ടായി.

**3.** മൂന്നാം പരാമർശ പ്രകാരം ലെഫ്റ്റനന്റ് കേണൽ (റിട്ട.)ശ്രീ.പി.കെ.സതീഷ് കുമാറിന്റെ പേരിലുള്ള 1000/-രൂപയുടെ ഒരു ഇക്വിറ്റി ഷെയർ നിലവിൽ കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചുവരുന്ന ശ്രീ.വിനോദ് മാത്യു -ന്റെ പേരിലേക്ക് കൈമാറ്റം ചെയ്ത് നൽകണമെന്ന് കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**4.** ഈ സാഹചര്യത്തിൽ കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ലെഫ്റ്റനന്റ് കേണൽ (റിട്ട.)ശ്രീ.പി.കെ.സതീഷ് കുമാറിന്റെ പേരിലുള്ള 1000/-

രൂപയുടെ ഒരു ഇക്വിറ്റി ഷെയർ നിലവിൽ കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചുവരുന്ന ശ്രീ.വിനോദ് മാത്യു -ന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**5.** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | മുൻ ഓഹരി ഉടമയുടെ പേര് | ഓഹരി കൈമാറ്റം ചെയ്യപ്പെടേണ്ട വ്യക്തിയുടെ പേര് | ഓഹരികളുടെ എണ്ണം | ഡിസ്റ്റിങ്റ്റീവ് ഓഹരികളുടെ എണ്ണം | ഓഹരി സർട്ടിഫിക്കറ്റ് നമ്പർ | ഓഹരിയുടെ മൂല്യം (രൂപയിൽ) |
|---|---|---|---|---|---|---|
| 1 | ലെഫ്റ്റനന്റ് കേണൽ (റിട്ട.)ശ്രീ.പി.കെ.സതീഷ് കുമാർ | ശ്രീ.വിനോദ് മാത്യു | 1 | 1 | 2 | 1000/- |

**6.** ഓഹരി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ധനവകുപ്പ് സ്വീകരിക്കുന്നതാണ്.

**7.** കൈമാറ്റം ചെയ്യുന്ന ഓഹരി സർക്കാരിന്റെ വസ്തുവാണെന്നും സർക്കാരിനു വേണ്ടിയാണ് പ്രസ്തുത ഓഹരികളുടെ ഉടമയാകുന്നതെന്നും സർക്കാർ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത ഓഹരി കൈമാറ്റം ചെയ്യുന്നതാണെന്നും പുതിയ ഓഹരി ഉടമ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീ.വിനോദ് മാത്യു, ഡയറക്ടർ-ഇൻ-ചാർജ്, സൈനിക ക്ഷേമ വകുപ്പ്.
2. ചെയർമാൻ, കെക്സ്കോൺ, തിരുവനന്തപുരം.
3. എല്ലാ ബോർഡ് അംഗങ്ങൾക്കും (മാനേജിംഗ് ഡയറക്ടർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ധനകാര്യ (പി.യു-എ) വകുപ്പിന്
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
8. സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ